## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3997** **28-06-2024 - ൽ മറുപടിയ്ക്ക്**

## അഗ്നിശമന സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ തീപിടിത്തവും വൻ നാശനഷ്ടവും ഉണ്ടാകുന്ന സാഹചര്യത്തിൽ അഗ്നിശമന സേന ഫയർ ഓഡിറ്റ് നടത്തിയിട്ടുണ്ടോ; | (എ) | നടത്തുന്നുണ്ട്. |
| (ബി) | അഗ്നിസുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താത്തതും ഏർപ്പെടുത്തിയ സംവിധാനങ്ങൾ കൃത്യമായി പ്രവർത്തിക്കാത്തതുമായ കെട്ടിടങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | മതിയായ സംവിധാനങ്ങളുടെ കുറവും പ്രവർത്തനരഹിതവുമായ ഉപകരണങ്ങളുള്ളവയും കണ്ടെത്തിയിരുന്നു |
| (സി) | അഗ്നിശമന സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 2024-25 സാമ്പത്തിക വർഷത്തിൽ ഏരിയർ ലാഡർ പ്ലാറ്റ്ഫോം (ഉയരമുള്ള കെട്ടിടങ്ങളിലെ അഗ്നി രക്ഷാ ഉപകരണം) ഉൾപ്പെടെ വിവിധ അഗ്നിരക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. മാറുന്ന കാലഘട്ട ത്തിലെ സാമൂഹിക സാങ്കേതിക വെല്ലുവിളികൾ നേരിടുന്നതിനും, കേരള അഗ്നിരക്ഷാ സേവന വകുപ്പിന് കൂടുതൽ പ്രവർത്തന മികവ് കൈവരിക്കുന്നതിനും, സാങ്കേതിക ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, യുവാക്കൾക്ക് തൊഴിൽ അധിഷ്ഠിതമായ അവസരങ്ങൾ വർദ്ധി പ്പിക്കുന്നതിനും, കണ്ണൂർ ആസ്ഥാനമായി ഫയർ ആന്റ് സേഫ്റ്റി സയൻസിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ആന്റ് റിസർച്ച് സെന്റർ ആരംഭിക്കുന്നതിനായി തത്വത്തിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്<br><br>വകുപ്പിൽ സിവിൽ ഡിഫൻസ്, ആപതാമിത്ര എന്നീ സ്കീമുകളിലായി പതിനായിരത്തോളം വോളന്റിയർമാർ നിലവിലുണ്ട്. കൂടാതെ പുതുതായി 3200 ഓളം സിവിൽ ഡിഫൻസ് വോളന്റിയർമാർക്ക് കൂടി പരിശീലനം നൽകും |

| | | | |
|---|---|---|---|
| | | | തിരഞ്ഞെടുക്കപ്പെട്ട 1000 സിവിൽ ഡിഫൻസ് വോളന്റിയർമാർക്ക് അഗ്നിശമന രക്ഷാ പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക പരിശീലനം (റിഫ്രഷ്മെന്റ് ട്രെയിനിംഗ്) നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.<br><br>വകുപ്പിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉള്ളൂർ,പാലോട്,മാവൂർ, ചീമേനി, പനമരം, വൈത്തിരി, രാജാക്കാട്, ആറൻമുള, നേര്യമംഗലം, തൊണ്ടർനാട് എന്നിവിടങ്ങളിലായി പത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനായി തത്വത്തിൽ അനുമതി നൽകുകയും ആയതിന്റെ പ്രാരംഭ നടപടികൾ വകുപ്പിൽ സ്വീകരിച്ചു വരികയുമാണ്.<br><br>രക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകുപ്പിലെ ജീവനക്കാർക്ക് മൗണ്ടനീയറിംഗ് ട്രെയിനിംഗ്, റോപ്പ് റെസ്ക്യൂ ട്രെയിനിംഗ് എന്നിവ നൽകി വരുന്നു.<br><br>വകുപ്പിന്റെ സേവനം കൂടുതൽ ജനകീയവത്കരിക്കുന്നതിന്റെ ഭാ ഗമായി 100 ഫയർ വുമൺ നിയമനം നടത്തി . വകുപ്പിന്റെ എല്ലാ ഓഫീസുകളിലും സ്ത്രീ സൗഹൃദ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇതുവരെ ഒരു കോടി രൂപ വകയിരുത്തുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ